**പതിമൂന്നാം കേരളനിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.319 — 09.06.2014 ന് മറുപടിയ്ക്ക്

**<u>മലയാറ്റൂർ പള്ളിയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കാൻ നടപടി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ.ജോസ് തെറ്റയിൽ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) അന്താരാഷ്ട്ര തീർത്ഥാടന കേന്ദ്രമായ മലയാറ്റൂർ സെന്റ് തോമസ് പള്ളിയിലേക്കുള്ള പ്രധാനമാർഗ്ഗവും വനഭൂമിയിലൂടെ കടന്നുപോകുന്നതുമായ സഞ്ചാരയോഗ്യമല്ലാതായിരിക്കുന്ന ഷൺമുഖപുരം റോഡും കൊന്തേമ്പിള്ളി പാലവും ഗതാഗതയോഗ്യമാക്കുന്നതിന് തുക അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടിയെന്തെന്ന് വിശദമാക്കുമോ; | (എ) അങ്കമാലി നിയോജക മണ്ഡലത്തിൽ മലയാറ്റൂർ നീലീശ്വരം പഞ്ചായത്തിൽ എൻ.എസ്.സി. ഡിവിഷന്റെ അധികാര പരിധിയിൽ കരിങ്ങുമുടി സ്റ്റേഷൻ പ്രദേശത്ത് സെൻറ് തോമസ് പള്ളിയോട് ചേർന്ന് കൊന്തേമ്പിള്ളി പാലവും, ഇതിനോടനുബന്ധമായി ഷൺമുഖപുരം റോഡും സ്ഥിതിചെയ്യുന്നു. ടി റോഡിന് ഏകദേശം 1 കിലോമീറ്റർ നീളവും, മേൽപറഞ്ഞ പാലത്തിന് 14.5 മീറ്റർ നീളവും 4.6 മീറ്റർ വീതിയുമുണ്ട്. ടി കൊന്തേമ്പിള്ളി പാലം മലയാറ്റൂർ-നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്നതാണെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ടി പാലത്തിന്റെ പുനർ നിർമ്മാണം ചെയ്യേണ്ടത് പഞ്ചായത്ത് തലത്തിലാണ്. |
| (ബി) തുക എന്നത്തേക്ക് അനുവദിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ